ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**DATE: 25.06.2017** **TIME: 6.20 P.M**

## പ്രധാന വാർത്തകൾ

1. വെളിയിട വിസർജന മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട കേരളത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.

2. സംസ്ഥാനത്ത് പനി പ്രതിരോധ നടപടികൾ ഊർജ്ജിതം; നിശ്ചിത സമയത്തിനുമുമ്പ് ആശുപത്രികളിൽ ഒ.പി അവസാനിപ്പിക്കരുതെന്ന് ഡോക്ടർമാരോട് ആരോഗ്യമന്ത്രി.

3. കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്ന പദ്ധതിയുടെ ഭാഗമായി ആഫ്രിക്കൻ രാഷ്ട്ര നയതന്ത്രപ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് ചേരും.

4. ശബരിമലയിൽ ഇന്ന് പ്രതിഷ്ഠ നടത്തിയ സ്വർണ്ണ കൊടിമരം കേടുവരുത്തിയ സംഭവത്തിൽ പോലീസ് അന്വേഷണം തുടങ്ങി.

5. ചലച്ചിത്ര സംവിധാനകൻ കെ.ആർ.മോഹനൻ അന്തരിച്ചു.

6. സംസ്ഥാനത്ത് നാളെ ചെറിയ പെരുന്നാൾ.

വെളിയിട വിസർജന മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട കേരളത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. സിക്കിം ഹിമാചൽപ്രദേശ്, കേരളം എന്നീ മൂന്നു സംസ്ഥാനങ്ങൾ മുമ്പുതന്നെ വെളിയിടവിസർജ്ജന മുക്ത സംസ്ഥാനങ്ങളായി പ്രഖ്യാപിക്കപ്പെട്ടിരുന്നു. ഈ ആഴ്ചയിൽ ഉത്തരാഖണ്ഡും ഹരിയാനയും കൂടി ഇങ്ങനെ പ്രഖ്യാപിക്കപ്പെട്ടു. ഈ അഞ്ചു സംസ്ഥാനങ്ങളുടെയും ഭരണകൂടത്തോടും അധികാരികളോടും സാധാരണ ജനങ്ങളോടും പ്രധാനമന്ത്രി കൃതജ്ഞത പ്രകടിപ്പിച്ചു. സ്വച്ഛഭാരത് പദ്ധതി ഗവൺമെന്റ് പരിപാടി എന്നതിലുപരി ജനമുന്നേറ്റമായി മാറിയിരിക്കയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനപങ്കാളിത്തത്തോടെ പദ്ധതി മുന്നോട്ട് കൊണ്ടുപോകുമ്പോൾ പരിപാടിയുടെ ശക്തി വർദ്ധിക്കുകയാണെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ആന്ധ്രാപ്രദേശിലെ വിജയനഗരം ജില്ലയിൽ നടന്ന സംഭവം പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. 100 മണിക്കൂർ കൊണ്ട് 71 ഗ്രാമപഞ്ചായത്തുകളിലായി പതിനായിരം ശൗചാലയങ്ങൾ നിർമ്മിക്കുന്ന ജോലി വിജയകരമായി പൂർത്തീകരിച്ചു. 71 ഗ്രാമങ്ങൾ വെളിയിട വിസർജ്ജനമുക്തമായി.

സംസ്ഥാനത്ത് പനി നിയന്ത്രണത്തിന് കർശന നടപടികൾ എടുത്തതായി മന്ത്രി കെ.കെ. ശൈലജ കോഴിക്കോട് പറഞ്ഞു.

ജില്ലയിലെ പനി അവലോകനയോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുയായിരുന്നു ആരോഗ്യമന്ത്രി. പനിസ്ഥിതി വിലയിരുത്തി ആവശ്യമെങ്കിൽ കൂടുതൽ ഡോക്ടർമാരെയും നഴ്സുമാരെയും താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകുമെന്ന് മന്ത്രി പറഞ്ഞു. നിശ്ചിത സമയത്തിനു മുമ്പ് ഒ.പി. അവസാനിപ്പിക്കുന്ന ഡോക്ടർമാർക്കെതിരെ നടപടി ഉണ്ടാകും. അനാവശ്യ അവധിയിൽ പ്രവേശിക്കുന്ന ഡോക്ടർമാർക്കെതിരെയും നടപടി എടുക്കുമെന്ന് കെ.കെ. ശൈലജ പറഞ്ഞു. മിക്ക ഇടങ്ങളിലും ഡോക്ടർമാർ മികച്ച പ്രവർത്തനം കാഴ്ച്ച വയ്ക്കുന്നുണ്ട്. എന്നാൽ ചില ആശുപത്രികളിൽ ഡോക്ടർമാർ നേരത്തെ ഒ.പി. നിർത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആരോഗ്യമന്ത്രി കൂട്ടിച്ചേർത്തു.

പനി ബാധിച്ച് ഇന്ന് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ 10,962 പേർ ചികിത്സ തേടി.

പകർച്ചപ്പനി തടയാൻ പ്രതിരോധ പ്രവർത്തനങ്ങളിൽ ഗവൺമെന്റുമായി സഹകരിച്ച് സജീവമായി രംഗത്തിറങ്ങാൻ എല്ലാവിഭാഗം ജനങ്ങളോടും സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറി കോടിയേരിബാലകൃഷ്ണൻ അഭ്യർത്ഥിച്ചു. നാടിന്റെ

ആരോഗ്യം സംരക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് നടത്തുന്ന ശുചീകരണ യജ്ഞത്തിൽ സഹകരിക്കാൻ കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാ ബഹുജനങ്ങളും മുന്നോട്ടുവരണമെന്ന് കോടിയേരി ബാലകൃഷ്ണൻ പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.

കണ്ണൂർ ജില്ലയിലെ മുഴുവൻ ഗവൺമെന്റ്, സ്വകാര്യ കെട്ടിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ ബന്ധപ്പെട്ട വകുപ്പ് -സ്ഥാപന മേധാവികൾക്ക് ജില്ലാ വികസന സമിതി യോഗം നിർദേശം നൽകി. കൊതുകുജന്യ പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായാണ് നിർദ്ദേശം.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ രക്ഷിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 15 ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ നയതന്ത്ര പ്രതിനിധികളുടെ സമ്മേളനം ഈ മാസം 28, 29 തീയതികളിൽ തിരുവനന്തപുരത്ത് ചേരുന്നു. സംസ്ഥാന ഗവൺമെന്റ് വിളിച്ചു ചേർക്കുന്ന കശുവണ്ടി സമ്മേളനത്തിൽ വിദേശകാര്യ മന്ത്രാലയത്തിന്റെ പ്രതിനിധികളും പങ്കെടുക്കും. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഇടനിലക്കാരില്ലാതെ നേരിട്ട് ഗുണനിലവാരമുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്യുക, അതു വഴി തൊഴിലാളികൾക്ക് വർഷം

ചുരുങ്ങിയത് 300 ദിവസത്തെ ജോലി ഉറപ്പുനൽകുക, കശുവണ്ടി കയറ്റുമതി വരുമാനം 6,000 കോടി രൂപയിൽ നിന്ന് 9,000 കോടി രൂപയായി വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സമ്മേളനം വിളിക്കുന്നതെന്ന് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. 28ന് വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ നയതന്ത്ര പ്രതിനിധികളെ അഭിസംബോധന ചെയ്യും. അംബാസിഡർമാരും മറ്റു നയതന്ത്ര പ്രതിനിധികളുമാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

തൃശൂർ ജില്ലയിൽ ഇന്നുച്ചയ്ക്ക് പലയിടങ്ങളിലും ചുഴലിക്കാറ്റ് വീശി. കുന്നംകുളത്തിനടുത്തുള്ള ആർതാറ്റ് ക്രിസ്ത്യൻ പള്ളിയുടെ മേൽക്കൂരയ്ക്ക് കേടുപാട് സംഭവിച്ചു. പള്ളിയിൽ പ്രാർത്ഥന നടത്തിക്കൊണ്ടിരുന്ന ഏതാനും പേർക്ക് നിസാര പരിക്കേറ്റതായി പോലീസ് പറഞ്ഞു. മറ്റ് പല സ്ഥലങ്ങളിലും കാറ്റ് നാശനഷ്ടം ഉണ്ടാക്കിയിട്ടുണ്ട്.

ശബരിമലയിൽ ഇന്നു പ്രതിഷ്ഠ നടത്തിയ സ്വർണ്ണക്കൊടി മരത്തിൽ കേടുപാടുകൾ വരുത്തിയതായി കണ്ടെത്തി. ഉച്ചയ്ക്ക് ശേഷം കൊടിമരത്തിന്റെ പഞ്ചവർഗ്ഗത്തറയിലെ പൂശിയ സ്വർണ്ണം ഒലിച്ചുപോയി കേടുപാടുകൾ സംഭവിച്ചതായാണ് കണ്ടെത്തിയത്.

ഇതെതുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ സി.സി.റ്റി.വി. യിൽ മൂന്ന് പേർ കുപ്പിയിൽ നിന്ന് ദ്രാവകം കൊടിമരച്ചുവട്ടിൽ ഒഴിക്കുന്നതായുള്ള ദൃശ്യങ്ങൾ ലഭിച്ചു. ദേവസ്വംബോർഡ് ഡി.ജി.പി. ക്ക് ഇതു സംബന്ധിച്ച് പരാതി നൽകി. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ സന്നിധാനത്തുതന്നെ ക്യാമ്പു ചെയ്യുന്നുണ്ട്. സി.സി.റ്റി.വി. ദൃശ്യങ്ങളുടെ സഹായത്തോടെ പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യാനാകുമെന്നാണ് പോലീസ് നിഗമനം.

ശബരിമല തീർത്ഥാടകർ പമ്പാനദിയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നതും നദിയെ മലിനപ്പെടുത്തുന്ന പ്രവർത്തനങ്ങളും നിരോധിച്ചതായി പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചു. നദിയിൽ എണ്ണയും സോപ്പും ഉപയോഗിച്ചുള്ള കുളിയും നിരോധിച്ചിട്ടുണ്ട്.

സംവിധായകനും ചലച്ചിത്ര അക്കാദമിയുടെ മുൻ ചെയർമാനുമായ കെ.ആർ.മോഹനൻ അന്തരിച്ചു. 69 വയസ്സായിരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. അശ്വത്ഥാമ, പുരുഷാർഥം, സ്വരൂപം തുടങ്ങിയവയാണ് സംവിധാനം ചെയ്ത ശ്രദ്ധേയമായ സിനിമകൾ. 2009-ൽ കേരള രാജ്യാന്തര ചലച്ചിത്രോത്സവത്തിന്റെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. വൈകിട്ട് തിരുവനന്തപുരത്ത്

ചലച്ചിത്ര വികസന കോർപ്പറേഷൻ ഓഫീസിൽ മൃതദേഹം പൊതുദർശനത്തിന് വയ്ക്കും. സംസ്ക്കാരം നാളെ സ്വദേശമായ തൃശൂർ ചാവക്കാട് നടക്കും.

കേരളത്തിൽ ചെറിയ പെരുന്നാൾ നാളെ. റംസാൻ 30 പൂർത്തീകരിച്ച് സംസ്ഥാനത്ത് ചെറിയ പെരുന്നാൾ നാളെ ആഘോഷിക്കുമെന്ന് വിവിധ ഖാസിമാർ അറിയിച്ചു. ഒമാൻ ഒഴികെയുള്ള ഗൾഫ് രാജ്യങ്ങളിൽ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കും. ഒമാനിൽ നാളെയാണ് ഈദുൽ ഫിത്തർ. പ്രധാനമന്ത്രി നരേന്ദ്രമോദി ഈദ് ആശംസകൾ നേർന്നു.

ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ആഹ്ളാദ പൂർണമായ ഈദുൽ ഫിത്ർ ആശംസിച്ചു. ഒരു മാസത്തെ റമദാൻ വ്രതത്തിനു ശേഷം വന്നെത്തുന്ന ഈദുൽ ഫിത്ർ മനുഷ്യ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും സഹാനുഭൂതിയുടെയും മഹത്തായ സന്ദേശങ്ങളാണ് നൽകുന്നത്. മനുഷ്യർ പരസ്പരം വിശ്വസിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന സാഹചര്യത്തിലേക്ക് മുന്നേറാൻ ഈദിന്റെ സന്ദേശം ഉപകരിക്കട്ടെ എന്ന് മുഖ്യമന്ത്രി ആശംസിച്ചു.

‘എടക്കൽ സംസ്കൃതിയുടെ ബഹുസ്വരത’ എന്ന വിഷയത്തെ അധികരിച്ച് മലയാളസർവ്വകലാശാല സംഘടിപ്പിക്കുന്ന ദേശീയ സമ്മേളനം സുൽത്താൻ ബത്തേരിയിൽ ചൊവ്വാഴ്ച്ച ചരിത്രകാരൻ ഡോ. എം.ജി. എസ്. നാരായണൻ ഉദ്ഘാടനം ചെയ്യും. എടക്കൽ സംസ്കൃതിയെ സംബന്ധിച്ച വിവിധ വീക്ഷണങ്ങളും കണ്ടെത്തലുകളും സെമിനാർ ചർച്ചചെയ്യും. വൈസ് ചാൻസലർ കെ. ജയകുമാറിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ എം.ഐ. ഷാനവാസ് എം.പി. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. തുടങ്ങിയവർ പങ്കെടുക്കും.

അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ കണ്ണൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മന്ത്രി ടി.പി രാമകൃഷ്ണൻ അധ്യക്ഷത വഹിക്കും. എക്സൈസ് പവലിയൻ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും പബ്ലിക് ഇൻഫർമേഷൻ ഓഫീസിന്റെ പവലിയൻ മന്ത്രി കെ.കെ ശൈലജ ടീച്ചറും ഉദ്ഘാടനം ചെയ്യും.

സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ജൂലായ് 1 വിള ഇൻഷൂറൻസ് ദിനമായി ആചരിക്കും. പരിപാടിയുടെ

ഭാഗമായി എല്ലാ കൃഷിഭവനുകളിലും ക്യാമ്പയിൻ സംഘടിപ്പിച്ച് കർഷകർക്ക് വിള ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കും. പ്രീമിയം അടച്ച് പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഇടിമിന്നൽ, കാട്ടുതീ തുടങ്ങി പ്രകൃതിക്ഷോഭം കാരണം കൃഷിനാശം സംഭവിച്ചാൽ ആനുകൂല്യം ലഭിക്കും.

കൊല്ലം ചിതറയിൽ സ്ത്രീയെ മരത്തിൽ കെട്ടിയിട്ട് മർദ്ദിച്ച സംഭവത്തെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

കൊടുങ്ങല്ലൂർ ശ്രീനാരായണപുരം അഞ്ചാംപരത്തിയിൽ വീട്ടിൽ നിന്നും കള്ളനോട്ടും അത് നിർമ്മിക്കുന്നതിന് ആവശ്യമായ സാമഗ്രികളും പിടിച്ചെടുത്ത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്താൻ ക്രൈംബ്രാഞ്ചിന്റെ സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തണമെന്ന് കെ.പി.സി.സി പ്രസിഡന്റ് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു.

ഇന്ത്യയും വെസ്റ്റ് ഇൻഡീസും തമ്മിലുള്ള രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന് ക്വീൻസ് പാർക്ക് ഓവലിൽ നടക്കും. ആദ്യ

ഏകദിനം മഴമൂലം ഉപേക്ഷിച്ചിരുന്നു. ആദ്യ ഏകദിനം കളിച്ച ടീമിൽ ഇന്ത്യ ഇന്ന് മാറ്റം വരുത്താൻ ഇടയില്ല. ഇന്നലെ നടന്ന വനിതാ ഏകദിന ലോക കപ്പിൽ ഇംഗ്ലണ്ടിനെ ഇന്ത്യ 35 റൺസിന് പരാജയപ്പെടുത്തി.

ഓസ്ട്രേലിയൻ ഓപ്പൺ സൂപ്പർ സീരീസ് ബാഡ്മിന്റൺ കിരീടം ഇന്ത്യയുടെ കെ. ശ്രീകാന്തിന്. ഫൈനലിൽ ഒളിമ്പിക് ചാമ്പ്യൻ ചൈനയുടെ ചെൻ ലോങ്ങിനെ അട്ടിമറിച്ചാണ് കിരീടം നേടിയത്. സ്കോർ 22–20, 21–16. ശ്രീകാന്തിന്റെ തുടർച്ചയായ മൂന്നാം കിരീട നേട്ടമാണ് ഇത്.